Website

"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)
## KSHB Building,ശാന്തി നഗർ, തിരുവനന്തപുരം-1.

## ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം
**(നിലവിൽ: ബി.ശ്രീകുമാർ, ട്രെയിനിംഗ് ഡയറക്ടർ ഇൻചാർജ്ജ്)**

വിഷയം:-വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം-. പ്രിൻസിപ്പാൾ ക്ലാസ്സ്-II/വൈസ് പ്രിൻസിപ്പാൾ/ട്രെയിനിംഗ് ഓഫീസർ - തസ്തികയിലേയ്ക്കുള്ള സ്ഥലംമാറ്റവും സ്ഥാനക്കയറ്റവും - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:- 1) ഗസറ്റ് നോട്ടിഫിക്കേഷൻ നമ്പർ നം 1586 തീയതി, 1.7.2015.
2) ജോയിന്റ് ഡയറക്ടറുടെ എ6/13594/13 തീയതി, 16.6.2015 ലെ നടപടിക്രമം.
3) വിവിധ പ്രിൻസിപ്പാൾ ക്ലാസ്സ്-II മാരിൽ നിന്നും ലഭിച്ച അപേക്ഷകൾ.
4) ശ്രീമതി.മിനിമാത്യു, പ്രിൻസിപ്പാൾ ക്ലാസ്സ്- II സമർപ്പിച്ച അപേക്ഷ.

*********

**ഉത്തരവ് നമ്പർ: എ6/43001/2014 തീയതി: 06.07.2015**

വകുപ്പിലെ ഉദ്യോഗസ്ഥരുടെ വിരമിക്കലിലൂടെ വിവിധ സ്ഥാപനങ്ങളിലുണ്ടായ ഒഴിവ് ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | എണ്ണം |
|---|---|---|
| 1 | ഐ.ടി.ഐ റാന്നി | 01 |
| 2 | ഐ.ടി.ഐ രാജക്കാട് | 01 |
| 3 | ഐ.ടി.ഐ (വനിത) മലമ്പുഴ | 01 |
| 4 | ആർ.ഐ.സെന്റർ, കണ്ണൂർ | 01 |
| 5 | ഐ.ടി.ഐ പുല്ലൂർ | 01 |
| 6 | ഐ.ടി.ഐ (വനിത) വെസ്റ്റ് എളേരി | 01 |
| 7 | ഐ.ടി.ഐ, കയ്യൂർ | 01 |
| 8 | ഐ.ടി.ഐ കൊയിലാണ്ടി | 01 |

മേൽ ഒഴിവുകളിൽ 01 ഒഴിവ് ശ്രീ.എം.എൻ.വിജയൻ (മുൻ ട്രെയിനിംഗ് ഓഫീസർ, ആർ.ഐ.സി കളമശ്ശേരി) -ന്റെ ലീവ് വേക്കൻസിയായി ഒഴിച്ചിടേണ്ടതും 01 ഒഴിവ് ശ്രീമതി.മിനിമാത്യു, പ്രിൻസിപ്പാൾ ക്ലാസ്സ്-II 05 വർഷത്തെ ശൂന്യവേതനാവധി

അവസാനിപ്പിച്ച് തിരികെ സേവനത്തിൽ പ്രവേശിക്കാൻ അനുമതിയ്ക്കായി അപേക്ഷ നൽകിയിട്ടുള്ളതിനാൽ പരിഗണിക്കേണ്ടതുമാണ്. മറ്റ് 06 ഒഴിവുകളിലേയ്ക്ക് സ്ഥാന ക്കയറ്റം നൽകുന്നതിന് മുമ്പായി നിലവിൽ പ്രിൻസിപ്പാൾ ക്ലാസ്സ്-II/വൈസ് പ്രിൻസിപ്പാൾ/ട്രെയിനിംഗ് ഓഫീസർമാരായി ജോലി ചെയ്യുന്നവരിൽ നിന്നും ലഭിച്ച സ്ഥലംമാറ്റ അപേക്ഷകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേരും സേവനത്തിൽ തുടരുന്ന സ്ഥാപനവും | സ്ഥലംമാറ്റം ആവശ്യപ്പെടുന്ന സ്ഥലം | റിമാർക്ക്സ് |
|---|---|---|---|
| 1 | ജയരാജ്.കെ.ജെ,<br>ഐ.ടി.ഐ മടിക്കൈ | 1. ഐ.ടി.ഐ(വ) താഴേക്കോട്<br>2. ഐ.ടി.ഐ അരീക്കോട് | മെഡിക്കൽ ഗ്രൗണ്ട് |
| 2 | അജിത.കെ.സി<br>ഐ.ടി.ഐ അരീക്കോട് | ഐ.ടി.ഐ മാറാഞ്ചേരി | |
| 3 | സുസി ആന്റണി,<br>ഐ.ടി.ഐ കഞ്ഞിക്കുഴി | 1. ആർ.ഐ.സി കളമശ്ശേരി<br>2. ഐ.ടി.ഐ (വനിത) കളമശ്ശേരി<br>3. ആർ.ഐ.സി കോട്ടയം | |
| 4 | ഗീത.എം.വി<br>ഐ.ടി.ഐ കണ്ണൂർ | ഐ.ടി.ഐ ദേശമംഗലം | |
| 5 | നാരായണൻകുട്ടി<br>ഐ.ടി.ഐ പെരിങ്ങോം | ഐ.ടി.ഐ (വനിത) മലമ്പുഴ | |
| 6 | കെ.വി.സുരേഷ്<br>ഐ.ടി.ഐ സീതാംഗോളി | 1. ഐ.ടി.ഐ ചെറിയമുണ്ടം<br>2. ഐ.ടി.ഐ മാറാഞ്ചേരി | |

ടി ഉദ്യോഗസ്ഥർ ആരും തന്നെ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ 03 വർഷത്തെ സേവനം തികച്ചിട്ടില്ല. ആയതിനാൽ സ്ഥലംമാറ്റം പരിഗണിക്കുന്നില്ല.

നിലവിലുള്ള ഒഴിവുകളിലേയ്ക്ക് സൂചന (1) ആയി പ്രസിദ്ധീകരിച്ച ഗസ്റ്റ് നോട്ടിഫിക്കേഷനിൽ ഉൾപ്പെട്ട താഴെപ്പറയുന്ന ഗ്രൂപ്പ് ഇൻസ്ട്രക്ടർ/ജെ.എ.എ (ടെക്നിക്കൽ) മാരെ G.O(P)No.214/66/Public Rules Department തീയതി, 30.05.1966 ആയി പ്രസിദ്ധീകരിച്ച കേരള ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സർവ്വീസ് സ്പെഷ്യൽ റൂൾസ് 1966 ലെ ചട്ടം 2 -ന് G.O(P)No.31/79/L&H തീയതി 4.5.1979 പ്രകാരം വരുത്തിയ ഭേദഗതി അനുസരിച്ചും, കേരള സ്റ്റേറ്റ് സബ് ഓർഡിനേറ്റ് സർവ്വീസ് റൂൾസ് 1958. പാർട്ട് രണ്ടിലെ പൊതുചട്ടം 28(b)(i) പ്രകാരവും 22360-37940 എന്ന ശമ്പള സ്കെയിലിലേയ്ക്ക്

സ്ഥാനക്കയറ്റം നൽകി ടിയാളുടെ പേരിന് നേരെ കൊടുത്തിരിക്കുന്ന സ്ഥാപന ത്തിലേയ്ക്ക് നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം | സീനിയോരിറ്റി ലിസ്റ്റിലെ നം. | ഡി.പി.സി സെലക്ട് ലിസ്റ്റിലെ നമ്പർ | പേരും ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നത് |
|---|---|---|---|---|
| 1 | 362 | 01 | പി.ജി.ജോർജ്, ഐ.ടി.ഐ ഏറ്റുമാനൂർ | പ്രിൻസിപ്പാൾ ക്ലാസ്സ്-II ഐ.ടി.ഐ, (വ) വെസ്റ്റ് എളേരി |
| 2 | 501 | 02 | കെ.എസ്.വിജയൻ, ട്രെയിനിംഗ് ഡയറക്ടറേറ്റ് | പ്രിൻസിപ്പാൾ ക്ലാസ്സ്-II ഐ.ടി.ഐ റാന്നി |
| 3 | 513 | 03 | കെ.ലളിത ഐ.ടി.ഐ കണ്ണൂർ | പ്രിൻസിപ്പാൾ ക്ലാസ്സ്-II ഐ.ടി.ഐ കയ്യൂർ |
| 4 | 588 | 04 | ജമീല കായക്കൽ താഴത്ത്, ഐ.ടി.ഐ അരീക്കോട് | ട്രെയിനിംഗ് ഓഫീസർ, ആർ.ഐ.സെന്റർ, കണ്ണൂർ |
| 5 | 606 | 05 | ഡി.രാജൻ ബി.റ്റി.സി കൊല്ലം | പ്രിൻസിപ്പാൾ ഐ.ടി.ഐ പുല്ലൂർ |
| 6 | 614 | 06 | പി.ജയരാജൻ, ഐ.ടി.ഐ കോഴിക്കോട് | പ്രിൻസിപ്പാൾ ക്ലാസ്സ്-II ഐ.ടി.ഐ കൊയിലാണ്ടി |

ഈ വകുപ്പിൽ വൈസ് പ്രിൻസിപ്പാൾ തസ്തികയിൽ സേവന ത്തിലുണ്ടായിരുന്നതും പരാമർശം (4) ഉത്തരവുപ്രകാരം അവധിയിൽ പ്രവേശിച്ചിരുന്നതുമായ മിനിമാത്യു തിരികെ ജോലിയിൽ പ്രവേശിക്കുവാൻ അപേക്ഷിച്ചിട്ടുണ്ട്. ടിയാളുടെ പേരിൽ ശേഷിക്കുന്ന അവധി റദ്ദാക്കാൻ സർക്കാരിന് ശുപാർശ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ മിനിമാത്യു, പ്രിൻസിപ്പാൾ ക്ലാസ്സ്-II നെ മലമ്പുഴ (വ) ഐ.ടി.ഐ യിൽ നിലവിലുള്ള ഒഴിവിൽ സർക്കാർ അനുമതിയ്ക്ക് വിധേയമായി നിയമിച്ച് ഉത്തരവാകുന്നു.

സ്ഥലംമാറ്റം/സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ ഉടൻ സേവനത്തിൽ പ്രവേശിക്കേണ്ടതും ചാർജ്ജ് ഏറ്റെടുത്ത് ടി വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

അപേക്ഷ പ്രകാരം സ്ഥലംമാറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് പ്രവേശന കാലത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. എന്നാൽ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ ഒരു വർഷത്തെ സേവനം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ യാത്രപടിയ്ക്ക്

അർഹതയുണ്ടായിരിക്കും. സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ചട്ടപ്രകാരമുള്ള യാത്രപ്പടിക്കും പ്രവേശനകാലത്തിനും അർഹതയുണ്ടായിരിക്കും.

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ ജി.ഒ (പി) നം.145/2006/ഫിൻ തീയതി, 25.3.2006 പ്രകാരം സേവനത്തിൽ പ്രവേശിച്ച് ഒരു മാസത്തിനകം ഓപ്ഷൻ നൽകിയിരിക്കേണ്ടതാണ്.

ഐ.ടി.ഐ (വ) മലമ്പുഴ, ഐ.ടി.ഐ (വ) വെസ്റ്റ് എളേരി, ഐ.ടി.ഐ റാന്നി, ഐ.ടി.ഐ കയ്യൂർ, ആർ.ഐ.സെന്റർ കണ്ണൂർ, ഐ.ടി.ഐ പുല്ലൂർ, ഐ.ടി.ഐ കൊയിലാണ്ടി എന്നീ സ്ഥാപനങ്ങളുടെ പ്രിൻസിപ്പാൾ ക്ലാസ്സ്-II/വൈസ് പ്രിൻസിപ്പാൾ/ ട്രെയിനിംഗ് ഓഫീസർ തസ്തികയിലെ അഡീഷണൽ ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥർ ടി ചാർജ്ജ് സ്ഥാനക്കയറ്റം ലഭിച്ച മേൽപറഞ്ഞ ഉദ്യോഗസ്ഥർക്ക് കൈമാറി ടി വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർ ഇൻ ചാർജ്ജ്

സ്വീകർത്താവ്

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

പകർപ്പ്:- 1) അക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2) എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും
3) സി.എ ടു ഡി.റ്റി
4) സി.എ.ടു എ.ഡി.റ്റി/ജെ.ഡി.റ്റി/എ.എസ്.പി.ഡി/എസ്.ടി.ഐ
5) ഡി.ഡി ട്രെയിനിംഗ്/പ്ലാനിംഗ്, ഡി.എസ്.എ
6) വകുപ്പ് വെബ്സൈറ്റ്
7) എസ്.എസ് (എ), (ബി), (ജി), (എച്ച്)
8) ജെ.എസ് (എ),(സി),(ഡി) (ഇ), (എഫ്)
9) സ്റ്റോക്ക് ഫയൽ (എ6/എ7)